"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിന്റെ അനക്സ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകക്കരാർ പുതുക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.81/2025/TAXES തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:- 1. 30.07.2024-ലെ സ.ഉ(സാധാ)നം.679/2024-നികുതി നമ്പർ ഉത്തരവ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 18.01.2025 -ലെ SLTY/738/2024-MOD INFRA1 SL നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനക്സ് ഓഫീസ് പ്രവർത്തിക്കുന്ന KTDFC FC-1 (B) കെട്ടിടത്തിന്റെ വാടകക്കരാർ 29.02.2024 മുതൽ 22.02.2025 വരെ 360 ദിവസത്തേയ്ക്ക്, 10% കോമൺ ഏരിയ ചാർജ്ജും 18% ജി.സ്.ടി.യും ഉൾപ്പെടെ, പ്രതിമാസം ₹99,842/- (തൊണ്ണൂറ്റി ഒൻപതിനായിരത്തി എണ്ണൂറ്റി നാല്പത്തിരണ്ട് രൂപ മാത്രം) നിരക്കിൽ പുതുക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു.

2. ടി കെട്ടിടത്തിന്റെ വാടകക്കരാർ 22.02.2025 നു അവസാനിക്കുന്ന സാഹചര്യത്തിൽ 23.02.2025 മുതൽ 17.02.2026 വരെയുള്ള 360 ദിവസത്തേക്ക് നിലവിലെ വാടകനിരക്കിൽ കരാർ പുതുക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിന്റെ അനക്സ് പ്രവർത്തിക്കുനന് കെ.ടി.ഡി.എഫ്.സി.യുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വാടകക്കരാർ 23.02.2025 മുതൽ 17.02.2026 വരെയുള്ള 360 ദിവസത്തേയ്ക്ക് പ്രതിമാസം ₹99,842/- (₹76,920/- per month + 10% common area charges + 18% Goods and Services Tax) നിരക്കിൽ പുതുക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വന്ദന എസ് കെ എ എസ്

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
4. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് (വകുപ്പിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
5. വിവരം പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/16/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 30-01-2025 14:48:00
സെക്ഷൻ ഓഫീസർ